**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 448** **24-08-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട്-പൊള്ളാച്ചി റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്ന പാലക്കാട്-പാറ-പൊള്ളാച്ചി റോഡിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത റോഡ് എത്ര മീറ്റർ വീതിയിലാണ് നവീകരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | കേരള റോഡ് ഫണ്ട് ബോർഡ് (എസ്.പി.വി) കിഫ്ബിയിൽ സമർപ്പിച്ച പാറ-പൊള്ളാച്ചി റോഡിന്റെ ഡി.പി.ആർ അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ സൈറ്റ് വിസിറ്റ് നടത്തി ആയതിന്റെ റിപ്പോർട്ട് തുടർനടപടികൾക്കായി എസ്.പി.വിക്ക് നൽകിയിട്ടുണ്ട്. പാറ, കൊഴിഞ്ഞാമ്പാറ ടൌണുകളിൽ ഭൂമി ഏറ്റെടുക്കുന്നതിലുള്ള തടസ്സങ്ങൾ കാരണം നിർദ്ദിഷ്ട റോഡിന് പകരമായി പാറ, കൊഴിഞ്ഞാമ്പാറ ബൈപാസ് റോഡുകൾ നിർമ്മിക്കുന്നതിന് ബഹു വൈദ്യുതി വകുപ്പ് മന്ത്രി നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, ബഹു മന്ത്രിയുടെ അധ്യക്ഷതയിൽ മലമ്പുഴ എം.എൽ.എ.യുടെ സാന്നിധ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ, കെആർഎഫ്ബി ഉദ്യോഗസ്ഥർ,റവന്യൂ ഉദ്യോഗസ്ഥർ എന്നിവരുമായി യോഗം ചേരുകയും തുടർന്ന് സംയുക്ത സ്ഥല പരിശോധന നടത്തുകയും റിപ്പോർട്ട് തുടർനടപടികൾക്കായി എസ്.പി.വിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വെളിച്ചത്തിൽ പുതുക്കിയ ഡി.പി.ആർ പൊതുമരാമത്ത് ഡിസൈൻ വിംഗ് തയ്യാറാക്കി വരികയാണ്. പ്രസ്തുത റോഡ് 23 മീറ്റർ വീതിയിൽ നവീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നാണ് നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുള്ളത് . |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങളാണ് ഇനി പൂർത്തീകരിക്കേണ്ടത്; വ്യക്തമാക്കാമോ; | (ബി) | പുതുക്കിയ വിശദ പദ്ധതി റിപ്പോർട്ട് (Revised DPR) നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ഇത് കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാണോ എന്നതും മറ്റ് വ്യതിയാനങ്ങൾ ഉണ്ടോ എന്നതും വിവിധ മേഖലകളിലെ സങ്കേതിക വിദഗ്ധരുടെ സഹായത്തോടെ കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം പരിശോധിക്കുകയും, പരിശോധനയിൽ ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം |

| | | | |
|---|---|---|---|
| | | | സാങ്കേതിക അവലോകന റിപ്പോർട്ട് (TAR) നൽകി ന്യൂനതകൾ പരിഹരിച്ച് നൽകുവാൻ എസ്.പി.വിക്ക് നിർദേശം നൽകുകയും, ആവശ്യമെങ്കിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നു. പ്രസ്തുത അവലോകന റിപ്പോർട്ട് ഉൾപ്പടെ വിശദ പദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി / ബോർഡ് മുൻപാകെ സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകുകയും ചെയ്യുന്നു. ധനാനുമതി ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനും, മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് വർക്ക് അവാർഡ് ചെയ്യുന്നതിനും, കരാറുകാരനുമായി പ്രവൃത്തിയുടെ നിർവ്വഹണ കരാറിൽ എർപ്പെടുന്നതിനുമുള്ള നടപടികൾ എസ്.പി.വി സ്വീകരിച്ച ശേഷം പ്രവൃത്തി ആരംഭിക്കാവുന്നതാണ്. |
| (സി) | എത്ര കോടി രൂപ വിനിയോഗിച്ചാണ് പ്രസ്തുത റോഡ് നവീകരണ പ്രവൃത്തി നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ? | (സി) | മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ധനാനുമതിക്ക് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി / ജനറൽ ബോഡി അംഗീകാരം നൽകുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തിയ്ക്ക് വിനിയോഗിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ